ICPS4/31782/2014

സാമൂഹ്യനീതി വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി:16/02/2015

## സർക്കുലർ

വിഷയം: - സാമൂഹ്യ നീതി വകുപ്പ്-ICPS-CWC/JJB മെമ്പർമാരുടെ സിറ്റിംഗ് ഫീസ് അനുവദിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-1) 01/04/2014 മുതൽ പ്രാബല്യത്തിൽ വന്ന ICPS ഗൈഡ് ലൈൻ.
2) Kerala Juvanile Justice care & Protection rule - 2014
3) 28/11/2014-ന് ചേർന്ന ICPS- Executive Committee തീരുമാനം.

സാമൂഹ്യ നീതി വകുപ്പിന്റെ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ CWC-കളുടെയും JJB-കളുടെയും മെമ്പർമാർ 2014 ഏപ്രിൽ മുതലുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും വെവ്വേറെ ആവശ്യപ്പെടേണ്ടതാണ്. സിറ്റിംഗ് ഫീസ്/TA അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പുതുക്കിയ ICPS ഗൈഡ് ലൈൻ പ്രകാരം 01/04/2014 മുതൽ CWC,JJB മെമ്പർമാർക്ക് സിറ്റിങ്ങിൽ പങ്കെടുക്കുന്നതിന് 1000/-രൂപ നിരക്കിൽ സിറ്റിംഗ് ഫീസ് അനുവദിക്കുന്നതാണ്.
2) പ്രതിമാസം CWC-കൾക്ക് 12 സിറ്റിങ്ങിനും JJB-കൾക്ക് 20 സിറ്റിംഗിനുമുള്ള സിറ്റിംഗ് ഫീസ് അനുവദനീയമാണ്. മെമ്പർമാർ സിറ്റിംഗ് ഫീസ് ലഭിക്കുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഫാറം നമ്പർ-1 പൂരിപ്പിച്ച് ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.
3) CWC/JJB മെമ്പർമാർ നൽകുന്ന ഫാറം നമ്പർ-1 സ്ഥാപന സൂപ്രണ്ട് സൂക്ഷ്മമായി പരിശോധിച്ച് പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഫാറം നമ്പർ-2-ൽ രേഖപ്പെടുത്തി തിരുവനന്തപുരത്തെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ICPS-ന്റെ ഓഫീസിലേക്ക് അയച്ചുതരണം.
4) CWC-യ്ക്കും JJB-യ്ക്കും വേണ്ടി വെവ്വേറെ ഫാറങ്ങൾ (നമ്പർ-2) തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ഫാറം നമ്പർ-2 ഈ കാര്യാലയത്തിൽ പരിശോധിച്ചതിനുശേഷം തുക പാസാക്കിക്കൊണ്ടുള്ള ഉത്തരവ് സൂപ്രണ്ടുമാർക്ക് നൽകുന്നതാണ്.
5) മാസംതോറും സിറ്റിംഗ് ഫീസിനുള്ള ബില്ലുകൾ (FormNo.1) CWC/JJB മെമ്പർമാർ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടിനെ ഏൽപ്പിക്കണം. സ്ഥാപനസൂപ്രണ്ട് ഇവ ക്രോഡീകരിച്ച് ഫാറം നമ്പർ-2 തയ്യാറാക്കി 20-ാം തീയതിയ്ക്കുള്ളിൽ ICPS ഓഫീസിലേക്ക് അയച്ചുതരണം.

6) സിറ്റിംഗ് ഫീസിനുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് അലോട്ട്മെന്റ് ആയി നൽകുകയാണെങ്കിൽ സൂപ്രണ്ടിന്റെ പേരിലും TSB-യിൽ നിന്നോ Nationalised Bank അക്കൗണ്ടിൽ നിന്നോ ചെക്കായി ആണ് അനുവദിക്കുന്നതെങ്കിൽ DSJO-മാരുടെ പേരിലും അനുവദിക്കുന്നതാണ്. DSJO ചെക്ക് മാറി രേഖാമൂലം തുക ബന്ധപ്പെട്ട സ്ഥാപനസൂപ്രണ്ടിനെ ഏൽപ്പിക്കണം.

7) CWC,JJB അംഗങ്ങളുടെ സിറ്റിംഗിന് പുറമേയുള്ള യാത്രകളുടെ യാത്രാബത്തയുമായി ബന്ധപ്പെട്ട് നിലവിലുള്ള ചില അവ്യക്തതകൾ പരിഹരിക്കുന്നതിനായി സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിനുള്ള മറുപടി ലഭിച്ചതിനുശേഷം യാത്രാബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

8) ഇടുക്കി ജില്ലയിൽ JJ സ്ഥാപനം ഇല്ലാത്തതിനാൽ Form No.2 തയ്യാറാക്കുന്ന ചുമതല പ്രൊബേഷൻ ഓഫീസർ Grade-1 നിർവഹിക്കേണ്ടതാണ്.

9) ഓരോ മാസവും JJB/CWC സിറ്റിംഗിൽ പങ്കെടുത്ത എല്ലാ മെമ്പർമാരിൽനിന്നും ലഭിച്ച Form No.1-ൽ തയ്യാറാക്കിയ ബില്ലുകൾ ശേഖരിച്ചതിനുശേഷം മാത്രമേ സ്ഥാപനസൂപ്രണ്ടുമാർ Form No.2 തയ്യാറാക്കാൻ പാടുള്ളൂ. ഒരിക്കൽ Form No.2-ൽ സിറ്റിംഗ് ഫീ സമർപ്പിച്ചതിനുശേഷം വീണ്ടും അതേ മാസത്തേയ്ക്ക് മറ്റൊരു ബിൽ സമർപ്പിക്കാൻ പാടില്ല. അതിനാൽ എല്ലാ മെമ്പർമാരിൽ നിന്നും Form No.1 ലഭിച്ചുവെന്നുറപ്പാക്കിയിട്ടുവേണം Form No.2 തയ്യാറാക്കുവാൻ.

(signature)

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം:-

Form No. I & II

പകർപ്പ്

1. CWC/JJB മെമ്പർമാർക്ക്
2. എല്ലാ ജെ.ജെ. ഹോം സൂപ്രണ്ടുമാർക്കും
3. ഐ.സി.പി.എസ് 1,2,3,4&5
4. എ സെക്ഷൻ
5. ബി സെക്ഷൻ
6. സ്റ്റോക്ക് ഫയൽ

Form No.I

**Bill for claiming sitting for CWC Member/JJB Member**

District:

Whether CWC Member or JJB Member?-

Month of Claim:

Name of the CWC Member/JJB Member, who is claiming the sitting fee:

**Details of the Claim**

| Sl No. | Date of Sitting | Sitting fee Amount Claimed(Rs.) | Remarks |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| 8 | | | |
| 9 | | | |
| 10 | | | |
| 11 | | | |
| 12 | | | |
| 13 | | | |
| 14 | | | |
| 15 | | | |
| 16 | | | |
| 17 | | | |
| 18 | | | |
| 19 | | | |
| 20 | | | |
| Total | | | |

Total Amount Claimed Rs...................................

(In words)..............................................................................................................................

**Declaration**

1. Certified that I have not claimed the amount previously.
2. Certified that I have attended CWC/JJB meetings in the aforesaid days and marked attendance in the relevant register.
3. Certified that the ceiling fixed to the monthly sitting fee has not been exceeded.

Name and signature of the
CWC Member/JJB Member

**Declaration ~~of~~ by the Superintendent**

Certified that I have verified the attendance register of the CWC/JJB and the claim is found correct.

Date:

Office seal

**Superintendent**

Form No.II

## Consolidated bill for claiming sitting for the CWC Members/JJB Members *

District:
Whether for CWC members or JJB Members:
Month of Claim:

**Details of the Claim**

| Sl No. | Name of CWC Members /JJB Members | Total Sitting Days | Rate Per Day Rs. | Total Eligible Amount Rs. | Remarks |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| **Total** | | | | | |

Total Amount (In words)..........................................................................................................

**Declaration**

1. Certified that the amount claimed in this bill has not been drawn previously.

2. Certified that all the existing CWC /JJB Members have claimed the sitting fee in Form No.1 and this consolidated sitting bill has been prepared accordingly.

3. Certified that I have verified the registers and records in the CWC/JJB and found that the claim of the CWC/JJB Members are correct.

Date:
Office Seal

Signature of the Superintendent
of the CH/OH

Passed Payment of Rs...............................................
In words..........................................................................................................................

Director of Social Justice

No & date of the proceedings of DSJ

No & date of Cheque issued

* Separate consolidated bills should be prepared for claiming sitting fee for the CWC Members & JJB Members.